എച്ച്.ആർ.എ.-വെ കാറ്റഗറി നഗരം

74 (1814) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജീവനക്കാർക്ക് എച്ച്.ആർ.എ. നൽകുന്നതിനായി വെ കാറ്റഗറി നഗരമായി കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ, കൊല്ലം എന്നിവയുടെ കൂടെ 21-7-2015-ലെ 2/5/2014-E II (B)/ Ministry/ Fin നമ്പർ ഉത്തരവ് പ്രകാരം മലപ്പുറത്തേയും ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജസ്റ്റിസ് രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായുള്ള ശമ്പള പരിഷ്കരണ കമ്മീഷൻ മലപ്പുറം നഗരത്തിൽ അനുവദിക്കുവാൻ ശിപാർശ ചെയ്ത എച്ച്.ആർ.എ. 20-1-2016-ലെ പുതിയ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ, കൊല്ലം, കണ്ണൂർ നഗരങ്ങളിലെ ജീവനക്കാർക്ക് അർഹമായ എച്ച്.ആർ.എ. മലപ്പുറം നഗരത്തിലെ ജീവനക്കാർക്കും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനുവദിച്ചിട്ടില്ല.

(സി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട്

75 (1815) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ശമ്പള പരിഷ്കരണ ഉത്തരവ് ഇറക്കിയപ്പോൾ, പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശത്തിന് വിരുദ്ധമായി ജീവനക്കാർക്കും അദ്ധ്യാപകർക്കും കുറവ് ചെയ്ത ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് പറയാമോ;

(ബി) പ്രസ്തുത പരിഷ്കരണത്തിന് മുമ്പ് ജീവനക്കാർക്കും അദ്ധ്യാപകർക്കും എത്ര ശതമാനം ഡി.എ. ആണ് നൽകിയിരുന്നത്; പരിഷ്കരണത്തോടെ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച ഡി.എ. എത്ര ശതമാനം; പുതിയ അടിസ്ഥാന ശമ്പളത്തോടൊപ്പം എത്ര ശതമാനം ഡി.എ. നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) അടുത്ത ശമ്പള പരിഷ്കരണം ഏത് വർഷം നടപ്പിലാക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടോ, എങ്കിൽ എന്ന് നടപ്പാക്കും എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ശമ്പളക്കമ്മീഷൻ ശിപാർശ ചെയ്ത ശമ്പള സ്കെയിലുകളുടെ മിനിമം പുനർ നിർണ്ണയിച്ചു. മാസ്റ്റർ സ്കെയിലിന്റെ മിനിമം ശിപാർശ ചെയ്ത 17000-ൽ നിന്ന് 16500 ആയി കുറവു ചെയ്തു. എന്നാൽ ഇൻക്രിമെന്റ് നിരക്കിലും പരിഷ്കരിച്ച മാസ്റ്റർ സ്കെയിലിന്റെ പരമാവധിയിലും വ്യത്യാസം വരുത്തിയിട്ടില്ല. പത്താം ശമ്പളക്കമ്മീഷൻ ശിപാർശ ചെയ്ത ശമ്പളസ്കെയിൽ വർദ്ധനവ് 22360-37940 വരെയുള്ള പ്രീ-റിവൈസ്ഡ് സ്കെയിലുകളിൽ പരമാവധി ഒരു തലമാക്കി നിജപ്പെടുത്തി. ഇത്തരം കേസുകളിൽ ശമ്പള സ്കെയിൽ വർദ്ധനവും റേഷ്യോ വർദ്ധനവും ഒരുമിച്ച് ശിപാർശ ചെയ്തിരുന്നത് ശമ്പള സ്കെയിൽ വർദ്ധനവ് മാത്രമാക്കി പരിമിതപ്പെടുത്തി. എന്നാൽ ശമ്പളസ്കെയിൽ വർദ്ധനമൂലം ഫീഡർ തസ്തികയുടേയും പ്രൊമോഷൻ തസ്തികയുടേയും ശമ്പളസ്കെയിലുകൾ തുല്യമാകുന്ന കേസുകളിൽ ഇപ്രകാരം ശമ്പളസ്കെയിൽ വർദ്ധന അനുവദിച്ചിട്ടില്ല. കൂടാതെ 24040-38840-ഉം അതിനുമുകളിലുള്ള ശമ്പളസ്കെയിലുകളിൽ നോർമൽ റിവിഷന് മുകളിൽ വർദ്ധന അനുവദിച്ചിട്ടില്ല. പത്താം ശമ്പളക്കമ്മീഷൻ ശിപാർശ ചെയ്ത മെച്ചപ്പെട്ട റേഷ്യോ പ്രൊമോഷനുകൾ 22360-37940 വരെയുള്ള പ്രീ-റിവൈസ്ഡ് സ്കെയിലുകളിൽ പരമാവധി 1:2 ആയും 24040-38840-ഉം അതിനുമുകളിലുള്ള ശമ്പളസ്കെയിലുകളിൽ പരമാവധി 1:3 ആയും നിജപ്പെടുത്തി.

(ബി) പത്താം ശമ്പളപരിഷ്കരണത്തിന് മുമ്പ് ജീവനക്കാർക്കും അദ്ധ്യാപകർക്കും 1-7-2014 പ്രാബല്യത്തിൽ 80% ഡി.എ. ആണ് അനുവദിച്ചിരുന്നത്. പരിഷ്കരണത്തോടെ മേൽപ്പറഞ്ഞ 80% ഡി.എ.യും അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചു. പുതിയ അടിസ്ഥാന ശമ്പളത്തോടൊപ്പം 1-1-2015 മുതൽ 3% ഡി.എ.യും 1-7-2015 മുതൽ വീണ്ടും 3% വർദ്ധനയോടെ ആകെ 6% ഡി.എ.യും നല്കുന്നതാണ്.

(സി) അടുത്ത ശമ്പള പരിഷ്കരണം സംബന്ധിച്ച് ഉചിതമായ സമയത്ത് തീരുമാനമെടുക്കുന്നതാണ്.

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ

76 (1816) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം പ്രാദേശിക സർക്കാരുകൾക്കായി 2015-17 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായി നിർദ്ദേശിക്കപ്പെട്ട തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ആയത് എന്നത്തേയ്ക്ക് വകയിരുത്തുമെന്ന് വിശദമാക്കുമോ?